D3AML2202 (2 Pages) Name..............................

Reg. No.........................

**THIRD SEMESTER M.A. DEGREE EXAMINATION, NOVEMBER 2023**

**(Regular/Improvement/Supplementary)**

**MALAYALAM**

**FMAL3C10 - മലയാള സാഹിത്യ വിമർശനം**

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. കുലട-കുലീന എന്നീ പ്രയോഗത്തിന്റെ സാംഗത്യം പരിശോധിക്കുക.
2. നിഷ്പക്ഷ നിരൂപണം എന്നതുകൊണ്ട് മാരാർ ഉദ്ദേശിക്കുന്നതെന്ത്?
3. ആദ്യകാല നിരൂപണങ്ങളിൽ വിദ്യാവിനോദിനി മാസികയ്ക്കുള്ള സ്ഥാനം വിശദമാക്കുക.
4. പുരക്ഷേപണം എന്നാൽ എന്ത്?
5. ഖസാക്കിന്റെ പഠനങ്ങൾ ഫോട്ടോഗ്രാഫിക്ക് ദൃഷ്ടിയിലൂന്നി ഉണ്ടായതാണെന്ന് ഇ.വി. രാമകൃഷ്ണൻ സമർത്ഥിക്കുന്നതെങ്ങനെ?
6. സൗന്ദര്യത്തെ റസ്കിൻ നിർവചിച്ചതെങ്ങനെ?
7. ഫ്യൂച്ചറിസം എന്നാൽ എന്ത്?

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. മൃദുലവും ആർദ്രവുമായ മാതൃത്വം പൂതപ്പാട്ട് എന്ന കവിതയുടെ ശക്തികേന്ദ്രമായി മാറുന്നതെങ്ങനെ?
9. മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനം വിനിമയം ചെയ്യുന്ന ദർശനത്തിൽ നിന്നും കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം വ്യത്യസ്തമാകുന്നതെങ്ങനെ?

10. "ഇങ്ങനെയൊരു ഭീമൻ കെട്ട് ആയിരുന്നു രാമൻപിള്ള അവറുകളുടെ ധർമ്മരാജാ" - ഭീമൻ കെട്ട് എന്ന പ്രയോഗത്തിലൂടെ ലേഖകൻ ഉദ്ദേശിക്കുന്നതെന്ത്?

11. ചിത്രയോഗം മഹാകാവ്യത്തെ ആശാൻ ഗുണദോഷ വിചിന്തനം ചെയ്യുന്നതെങ്ങനെ?

12. മലയാളസാഹിത്യ വിമർശനത്തിൽ പുരോഗമന കലാസാഹിത്യ പ്രസ്ഥാനം ചെലുത്തിയ സ്വാധീനം വിലയിരുത്തുക.

13. ഇന്ദുലേഖയുടെ സ്വപ്നത്തെ കോളോണിയൽ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനായി മേനോൻ നിർമ്മിച്ചതാണെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട്?

14. കവിതയും ചരിത്രവും തമ്മിലുള്ള ബന്ധത്തെ ലേഖകൻ നോക്കിക്കാണുന്നതെങ്ങനെ?

**(4 x 3= 12 വെയ്റ്റേജ്)**

**(തുടർച്ച ...2)**

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. മലയാള സാഹിത്യനിരൂപണത്തിന് പുതിയ ഭാവുകത്വം പകരാൻ കുട്ടികൃഷ്ണമാരാരുടെ നിരൂപണങ്ങൾ സഹായകമായിരുന്നോ? ചർച്ച ചെയ്യുക.

16. ആധുനികവിമർശനത്തിന്റെ സാധ്യതകൾ മലയാള വിമർശനത്തിന്റെ സംസ്കാരത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് നരേന്ദ്രപ്രസാദ്, കെ.പി. അപ്പൻ, ബി. രാജീവൻ എന്നിവരുടെ ലേഖനങ്ങളെ മുൻ നിർത്തി ഉപന്യസിക്കുക.

17. മലയാള നിരൂപണത്തിന്റെ മന:ശാസ്ത്രാധിഷ്ഠിത വഴികളിൽ ഡോ.എം.ലീലാവതിയുടെ സംഭാവനകൾ വിലയിരുത്തുക.

18. ആദ്യകാല വിമർശനങ്ങളും ഉത്തരാധുനികവിമർശനങ്ങളും താരതമ്യം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**(2 x 5= 10 വെയ്റ്റേജ്)**